# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2858** 18.08.2017 ൽ മറുപടിയ്ക്ക്

## ചെറുവള്ളി എസ്റ്റേറ്റ്

**ചോദ്യം** **മറുപടി**

**ശ്രീ.അടൂർ പ്രകാശ്** **ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ശ്രീ.കെ.പി.യോഹന്നാന്റെ പക്കൽ നിന്നും ഏറ്റെടുക്കാൻ ഉത്തരവായ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന രാജമാണിക്യം റിപ്പോർട്ട് നിലവിലുണ്ടോ; | (എ)കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം 28.05.2015 ൽ ജി.എൽ.ആർ (എൽ.ആർ) 90/2014 നമ്പർ അന്തിമ ഉത്തരവ് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച ടി ഉത്തരവിനോടൊപ്പം, ടി ഭൂമിയിൽ നിന്നും നിലവിലെ കൈവശക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ഫോറം- സി നോട്ടീസും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ശബരിമല വിമാനത്താവളത്തിന് അനുയോജ്യമാണോ; | (ബി)ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷന് ആകെ 2263.18 ഏക്കർ വിസ്തീർണ്ണമുള്ളതിനാലും മറ്റ് വികസനത്തിന് തടസ്സമില്ലാത്തതിനാലും ഭൂപ്രകൃതി അനുസരിച്ച് ഭൂരിഭാഗവും സമതല പ്രദേശവും ബാക്കി ചെറിയ കുന്നിൻപ്രദേശവുമായതിനാലും കൂടാതെ അഞ്ച് പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും രണ്ട് ദേശീയപാതകളുടെയും സമീപത്തായതിനാലും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉദ്യോഗസ്ഥ സംഘം ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തുകയും ടി എസ്റ്റേറ്റിനെ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കാനുദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയ്ക്കായി തെരഞ്ഞെടുത്തുകൊണ്ട് ഗതാഗത വകുപ്പിൽ നിന്നും 21/7/2017-ൽ G.O(MS)No. 60/2017/ഗതാഗതം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇത് സർക്കാർ ഭൂമിയാണെന്ന് കോടതി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് 1947 ന് മുമ്പ് കൈവശം വച്ചിരുന്ന ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെ 38,170.92 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ 1958 ലെ കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി നിലവിൽ കൈവശം വയ്ക്കുന്നത് ഹാരിസൺസ് മലയാളം ലിമിറ്റഡ് |

| | | |
|---|---|---|
| | | അവരിൽ നിന്നും ഭൂമി വാങ്ങിയവർ, മറ്റു കൈയ്യേറ്റക്കാർ എന്നിവരാണ്. പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾക്കെതിരെ ടി കമ്പനികളും, കക്ഷികളും വിവിധ റിട്ട് ഹർജ്ജികൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജ്ജികൾ കൂടുതൽ കേൾക്കുന്നതിനായി 25.11.2015 ലെ 'റഫറൻസ് ഉത്തരവ്' പ്രകാരം ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന് കൈമാറിയിട്ടുണ്ട്. 25.11.2015 ലെ റഫറൻസ് ഓർഡറിൽ, സ്പെഷ്യൽ ഓഫീസർ പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച കെ.എൽ.സി ചട്ടം 11 പ്രകാരമുള്ള കാര്യകാരണങ്ങൾ വളരെ ഗൗരവപരമായും, സർക്കാരിന്റെ നടപടി സാധൂകരിക്കുന്നരീതിയിലും നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡറിൽ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് വിദേശത്ത് രജിസ്റ്റർ ചെയ്ത കമ്പനിയാണെന്നും ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിരുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. 1947 ന് ശേഷം ഇന്ത്യയിൽ തുടരാനുള്ള അനുമതി 1947,1952, 1973 എന്നീ വർഷങ്ങളിലെ ഫെറ (FERA) നിയമപ്രകാരം നേടിയിരുന്നില്ല എന്ന് പ്രഥമദൃഷ്ട്യാ നിരീക്ഷിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ കർഷക കുടിയാനായിരുന്നു തങ്ങളുടെ മുൻഗാമിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന ഹർജ്ജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല എന്നു ബഹു. ഹൈക്കോടതി വളരെ ഗൗരവമായി നിരീക്ഷിച്ചിട്ടുണ്ട്. വിദേശ കമ്പനികളും, പൗരൻമാരും കേരള ഭൂപരിഷ്കരണ നിയമത്തിലെ പേഴ്സൺ എന്ന ഗണത്തിൽപ്പെടില്ല എന്ന് കാര്യവും ബഹു. ഹൈക്കോടതി നിരിക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ, കോടതികൾ എന്നിവ നിലവിലെ ഹർജ്ജിക്കാർക്കും അവരുടെ മുൻഗാമികൾക്കും അനുകൂലമായ വിധിന്യായങ്ങളും, ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അവയിൽ ഒരു തീരുമാനമെടുക്കുന്നതിനാണ് ടി റിട്ടുകൾ രണ്ടംഗങ്ങൾ ഉൾക്കൊള്ളുന്ന ഡിവിഷൻ ബഞ്ച് കേൾക്കുന്നതിനായി 25.11.2015 ൽ റഫർ ചെയ്തിട്ടുള്ളത്. അതായത്, സ്പെഷ്യൽ ഓഫീസർ റൂൾ 11 പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിലെ കാര്യകാരണങ്ങൾ ബഹു.ഹൈക്കോടതി വളരെ ഗൗരവത്തോടെയാണ് നിരീക്ഷിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ